**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4722** **19-03-2025 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള പൈപ്പുകളിലെ ചോർച്ച തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജൽജീവൻ മിഷൻ പദ്ധതിയുൾപ്പെടെ പൈപ്പിലൂടെയുള്ള കുടിവെള്ള വിതരണം വ്യാപകമായതോടെ പൈപ്പ് ലൈനുകൾ പല സ്ഥലത്തും പൊട്ടിയൊലിച്ച് കുടിവെള്ളം പാഴായി പോകുന്ന സംഭവങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനും പൈപ്പുകളിലെ ചോർച്ച വേഗത്തിൽ പരിഹരിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | കുടിവെള്ളം പാഴായി പോകുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ സമയബന്ധിതമായിത്തന്നെ കുടിവെള്ള വിതരണം പുന:സ്ഥാപിക്കാറുണ്ട്. നിലവിൽ പ്രിമോ, എ.സി.. കാസ്റ്റ് അയൺ, എച്ച്.ഡി.പി.ഇ, പി.വി.സി, ഡി.ഐ എന്നിങ്ങനെ വിവിധ തരത്തിലുള്ള പൈപ്പുകൾ മുഖേന കേരള വാട്ടർ അതോറിറ്റി ജല വിതരണം നടത്തി വരുന്നു. 90 വർഷം പഴക്കമുള്ളതും പുതുതായി സ്ഥാപിക്കപ്പെട്ടതുമായ പൈപ്പുകൾ വരെ ഇക്കൂട്ടത്തിൽ ഉണ്ട്. നിലവിലുള്ള കാലഹരണപ്പെട്ട പൈപ്പ് ലൈനുകളിലാണ് കൂടുതലായും പൊട്ടലുകൾ സംഭവിക്കുന്നത്. കൂടാതെ ജലത്തിന്റെ മർദ്ദ വ്യത്യാസം കാരണവും, റോഡ്/മറ്റ് സർവീസ് ലൈനുകൾ സ്ഥാപിക്കുന്നതിനായി കുഴിക്കുന്നതിനിടയിൽ പൈപ്പ് പൊട്ടലുകളോ ലീക്കുകളോ ഉണ്ടാകാറുണ്ട്. പൈപ്പ് പൊട്ടൽ ശ്രദ്ധയിൽപ്പെട്ടാൽ പൊതുജനത്തിനടക്കം കേരള വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽ കൊണ്ട് വരാനായി 24x7 പ്രവർത്തിക്കുന്ന കേന്ദ്രീകൃത കാൾ സെന്റർ (1916 -Toll free), അക്വലൂം തുടങ്ങിയ സംവിധാനങ്ങൾ നിലവിലുണ്ട്. ഇത്തരം വിവരങ്ങൾ ഓഫീസുകളിലോ, സ്റ്റാഫിനെയോ നേരിട്ട് അറിയിക്കുന്നതിനായി ഫോൺ നമ്പറുകൾ ഔദ്യോഗിക വെബ്സൈറ്റിൽ പരസ്യപ്പെട്ടു ത്തിയിട്ടുണ്ട്. അറ്റകുറ്റപ്പണികൾക്കായുള്ള റണ്ണിങ് കോൺട്രാക്ട് / മറ്റ് വർക്കുകൾ വഴിയോ ബ്ലൂ ബ്രിഗേഡ് സംവിധാനം മുഖേനയോ പൈപ്പ് ലൈനുകളിലെ പൊട്ടലുകൾ/ലീക്കുകൾ യഥാസമയം പരിഹരിച്ച് കുടിവെള്ള വിതരണം പുന:സ്ഥാപിക്കാറുണ്ട്. ലൈൻ വാൽവുകളുടെ ക്രമീകരണം വഴി പൈപ്പിലൂടെ കടത്തിവിടുന്ന ജലത്തിന്റെ അളവും മർദ്ദവും ക്രമീകരിച്ച് പൈപ്പ് പൊട്ടലുകൾ നിയന്ത്രിക്കാറുണ്ട്. കൂടാതെ ജൽ ജീവൻ മിഷൻ, അമൃത്, സ്റ്റേറ്റ് പ്ലാൻ |

| | | | |
|---|---|---|---|
| | | | എന്നിങ്ങനെയുള്ള വിവിധങ്ങളായ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി പഴക്കം ചെന്ന പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരുന്നു.<br><br>പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് മുൻപായി അവ ഫാക്ടറിയിൽ വെച്ച് തന്നെ പരിശോധിക്കുകയും അവ സ്ഥാപിച്ചതിനു ശേഷം പ്രഷർ ടെസ്റ്റ് നടത്തി ചോർച്ചകൾ ഇല്ല എന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) | കുടിവെള്ള കണക്ഷൻ വർദ്ധിച്ചതിനനുസരിച്ച് വാട്ടർ അതോറിറ്റിയുടെ മെയിന്റനൻസ് വിഭാഗത്തിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | കേരള വാട്ടർ അതോറിറ്റിയിൽ കാലാനുസൃതമായി കുടിവെള്ള കണക്ഷനുകൾ വർധിക്കുന്നതനുസരിച്ച്, മെയിന്റനൻസ് വിഭാഗത്തിൽ കൂടുതൽ ജീവനക്കാരെ ആവശ്യമാകുന്ന സാഹചര്യം കണക്കിലെടുത്തു വൈജ്ഞാനിക ഭരണ നിർവഹണത്തിന്റെ ഭാഗമായി ചില തസ്തികകൾ പരിവർത്തനം ചെയ്തു ആവശ്യമായ തസ്തികകളുടെ എണ്ണം വർധിപ്പിക്കുന്ന/സൃഷ്ടിക്കുന്ന വിഷയം കേരള വാട്ടർ അതോറിറ്റിയിൽ പരിശോധിച്ചുവരുന്നു. |
| (സി) | പൈപ്പ് പെട്ടുന്നതും കുടിവെള്ള വിതരണം തടസ്സപ്പെടുന്നതും പൊതുജനങ്ങൾക്ക് അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും പ്രത്യേക സംവിധാനവും അവ കുറ്റമറ്റ രീതിയിൽ പരിഹരിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ വാട്ടർ അതോറിറ്റിയുടെ ആസ്ഥാനത്ത് പ്രത്യേക സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പൈപ്പ് പൊട്ടിയാലും കുടിവെള്ള വിതരണം തടസ്സപ്പെട്ടാലും കേരള വാട്ടർ അതോറിറ്റിയെ അറിയിക്കാൻ പൊതുജനങ്ങൾക്കായി ടോൾ ഫ്രീ നമ്പറായ 1916 ഉം 24x7പ്രവർത്തിക്കുന്ന കേന്ദ്രീകൃത കാൾ സെന്റർ സംവിധാനവും നിലവിലുണ്ട്. കൂടാതെ അക്വാലൂം സോഫ്റ്റ്‌വെയർ മുഖേന നേരിട്ടും പൊതുജനങ്ങൾക്ക് പരാതികൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓവർസിയർ, അസിസ്റ്റന്റ് എൻജിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ എന്നിവരുടെയെല്ലാം സി.യു.ജി. നമ്പറുകൾ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരി ച്ചിട്ടുള്ളതാണ്. അതോടൊപ്പം പൊതുജനങ്ങൾക്ക് കേരള വാട്ടർ അതോറിറ്റിയ്ക്ക് ഇ-മെയിൽ/ Whatsapp ചെയ്യുന്നതിനും സംവിധാനം ഉണ്ട്. ഇവയെല്ലാം കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് കേന്ദ്ര ഓഫീസുകളിൽ നിന്നും പരിശോധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ